**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1808</u>** **<u>13-02-2025 - ൽ മറുപടിയ്ക്ക്</u>**

**<u>വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റിയ ജീവനക്കാർ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ എത്ര ജീവനക്കാരെ മറ്റ് ഡിപ്പോകളിലേക്ക് സ്ഥലംമാറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | മൂന്നാർ ഡിപ്പോയിൽ നിന്നും രണ്ട് ഡ്രൈവർമാരെ ഹരിപ്പാട് ഡിപ്പോയിലേയ്ക്കും, രണ്ട് കണ്ടക്ടർമാരെ നെടുങ്കണ്ടം ഡിപ്പോയിലേയ്ക്കും ഒരു കണ്ടക്ടറെ മൂലമറ്റം ഡിപ്പോയിലേയ്ക്കും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരെ മാറ്റിയത് മൂന്നാർ ഡിപ്പോയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | സർവ്വീസ് ഓപ്പറേഷനെ സാരമായി ബാധിച്ചിട്ടില്ല. |
| (സി) | എത്ര കാലയളവിലേക്കാണ് വർക്കിംഗ് അറേഞ്ച്മെന്റ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | മേൽപ്പറഞ്ഞ മൂന്ന് ഡിപ്പോകളിൽ സർവ്വീസ് നടത്തിപ്പിന് ആവശ്യമായ ജീവനക്കാരുടെ അഭാവത്തിലാണ് മൂന്നാർ യൂണിറ്റിൽ നിന്ന് ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിച്ചത്. എന്നാൽ, മൂന്നാർ ഡിപ്പോയിൽ ജീവനക്കാരുടെ അഭാവം ബോദ്ധ്യപ്പെട്ടാൽ വർക്കിംഗ് അറേഞ്ച്മെന്റ് മാറ്റി ജീവനക്കാരെ തിരികെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് കാലാവധി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ഡി) | മേൽപ്പറഞ്ഞ മൂന്ന് ഡിപ്പോകളിൽ സർവ്വീസ് നടത്തിപ്പിന് ആവശ്യമായ ജീവനക്കാരുടെ അഭാവത്തിലാണ് മൂന്നാർ യൂണിറ്റിൽ നിന്ന് ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിച്ചത്. എന്നാൽ, മൂന്നാർ ഡിപ്പോയിൽ ജീവനക്കാരുടെ അഭാവം ബോദ്ധ്യപ്പെട്ടാൽ വർക്കിംഗ് അറേഞ്ച്മെന്റ് മാറ്റി ജീവനക്കാരെ തിരികെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഉണ്ടെങ്കിൽ അവരെ മൂന്നാർ ഡിപ്പോയിലേക്ക് തിരികെ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഇ) | മേൽപ്പറഞ്ഞ മൂന്ന് ഡിപ്പോകളിൽ സർവ്വീസ് നടത്തിപ്പിന് ആവശ്യമായ ജീവനക്കാരുടെ അഭാവത്തിലാണ് മൂന്നാർ യൂണിറ്റിൽ നിന്ന് ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിച്ചത്. എന്നാൽ, മൂന്നാർ |

| | | | |
|---|---|---|---|
| | | | ഡിപ്പോയിൽ ജീവനക്കാരുടെ അഭാവം ബോദ്ധ്യപ്പെട്ടാൽ വർക്കിംഗ് അറേഞ്ച്മെന്റ് മാറ്റി ജീവനക്കാരെ തിരികെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ